**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി കോർപ്പറേഷനിൽ യു.ഡി. ക്ലാർക്കായി ജോലി നോക്കി വരവെ മരണമടഞ്ഞ കെ.കെ. ശ്യാമളയുടെ മകൾ ശ്രീമതി. പൂജാ കലാധരൻ ആശ്രിതനിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം - മാപ്പാക്കി ഉത്തരവാകുന്നു.

.================================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1586/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 23.06.2014

================================================================================

പരാമർശം:- (1) സ.ഉ.(അച്ചടി) 12/99/ഉഭപവ. തീയതി 24.05.1999.
(2) നഗരകാര്യ ഡയറക്ടറുടെ 17.08.2011, 11.01.2013 എന്നീ തീയതികളിലെ E4/3003/11 നമ്പർ കത്ത്.
(3) കൊച്ചി കോർപ്പറേഷൻ അഡി. സെക്രട്ടറിയുടെ 11.12.2012-ലെ PD9/01/11 നം. കത്ത്.
(4) ശ്രീമതി. പൂജ കലാധരന്റെ 21.05.2013-ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

കൊച്ചി കോർപ്പറേഷനിലെ യു.ഡി.ക്ലാർക്കായി ജോലി നോക്കി വരവെ 31.05.2007-ൽ മരണമടഞ്ഞ കെ.കെ. ശ്യാമളയുടെ മകൾ ശ്രീമതി. പൂജ കലാധരന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനം നല്കുവാനുള്ള അനുമതി പരാമർശം (2) ലെ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

2. ആശ്രിത നിയമനത്തിനായി ശ്രീമതി. പൂജ കലാധരൻ സമർപ്പിച്ച അപേക്ഷയിലെ തീയതി 15.11.2008 എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത അപേക്ഷ കൊച്ചി കോർപ്പറേഷനിൽ 01.01.2011-ന് മാത്രമാണ് സമർപ്പിച്ചിട്ടുള്ളതെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ടിയാളുടെ ആശ്രിത നിയമനത്തിനുള്ള അപേക്ഷാതീയതി 01.01.2011 ആയി മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളു. മേൽ സാഹചര്യത്തിൽ ശ്രീമതി. പൂജ കലാധരൻ ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ 1 വർഷം ഏഴ് മാസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്.

ശ്രീമതി. പൂജ കലാധരന്റെ പരാമർശം (4)-ലെ അപേക്ഷ പരിഗണിച്ച് സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് ശ്രീമതി. പൂജ കലാധരന്റെ ഭാഗത്ത് നിന്നുണ്ടായ ഒരു വർഷം ഏഴ് മാസത്തെ കാലതാമസം മാപ്പാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**റ്റി.കെ. അജിതകുമാരി,**
**അഡീഷണൽ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി. പൂജ കലാധരൻ, 'മകീരം', പുതിയ റോഡ്,
കടവന്ത്ര, കൊച്ചി-682 020.
ജില്ലാ കളക്ടർ, എറണാകുളം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**